പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1664 — 03-10-2011 -ൽ മറുപടിക്ക്.

## മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. എ. അസീസ് | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മദ്യഷാപ്പുകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ തുടരുന്നതിനും പഞ്ചായത്തുകളുടെ അനുമതി വേണമെന്ന നിയമം കൊണ്ട് വരുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | | (എ) യും (ബി) യും<br>ഈ വിഷയം സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ. |
| (സി) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | മദ്യവ്യവസായത്തെ ഒരു വരുമാന സ്രോതസ്സായി കാണാതെ, മദ്യത്തിന്റെ അമിത വ്യാപനം തടയുന്നതോടൊപ്പം, മദ്യത്തിന്റെ അമിത ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യമാണ് ഈ വർഷത്തെ അബ്കാരി നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത്. മദ്യ വിപത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ ബജറ്റിൽ വകയിരുത്തി. മദ്യാസക്തി നിയന്ത്രിക്കാനായി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാനും, ദുഃഖവെള്ളിയാഴ്ച ഡ്രൈ ഡേ ആയി പ്രഖ്യാപിക്കാനും, മദ്യം വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള പ്രായപരിധി 18-ൽ നിന്നും 21 ആയി ഉയർത്താനും, ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം കുറയ്ക്കാനും തീരുമാനിച്ചു. സിനിമകളിൽ മദ്യപാന രംഗങ്ങൾ പ്രദർശിപ്പിക്കുമ്പോൾ 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന സ്റ്റാറ്റ്യൂട്ടറി വാണിങ്ങ് പ്രദർശിപ്പിക്കും. |

സെക്ഷൻ ആഫീസർ